# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1723** — **08.06.2018-ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പ് ആരംഭിച്ച ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ഡോ. കെ. ടി. ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ വകുപ്പ് ആരംഭിച്ച ക്ഷേമ പദ്ധതികൾ എന്തെല്ലാമാണ്; ഓരോന്നിന് കീഴിലും ഏകദേശം എത്ര പേർക്ക് ആനുകൂല്യവിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയാണ് ലൈഫ് മിഷൻ പദ്ധതി. ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ വിവിധ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് അനുകൂല്യം ലഭിച്ചതും എന്നാൽ പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. ആയത് പ്രകാരം 56079 പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 40143 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള 2.50 ലക്ഷം ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ആയത് പ്രകാരം 32402 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നഗരങ്ങളിൽ 3434 ഭവനങ്ങളും ഗ്രാമങ്ങളിൽ 8 ഭവനങ്ങളും പൂർത്തീകരിക്കുകയും ചെയ്തു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെങ്കിലും ക്ഷേമപദ്ധതികൾ ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതുമൂലം ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിർത്തലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ